**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 447** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വ്യവസായ വകുപ്പിന് കീഴിൽ കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി (ടി)1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ. ഡി.(റ്റി)1, മാരായമുട്ടം (പി.ഒ) എന്ന സംഘത്തിന്റെ ആസ്തികൾ ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കാമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംഘത്തിന് 9 (ഒമ്പത്) ആർ (22.23 സെന്റ്) സ്ഥലം ഉണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമപ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി വായ്പയെടുത്തവകയിൽ 30.06.2026 വരെ താഴെപ്പറയും പ്രകാരം 10,76,273/-രൂപ (പത്ത് ലക്ഷത്തി എഴുപത്തി ആറായിരത്തി ഇരുന്നൂറ്റി എഴുപത്തി മൂന്ന് രൂപാ മാത്രം) ഖാദിബോർഡിൽ ബാധ്യതയുണ്ട്.

| | |
|---|---|
| മുതൽ | 1,63,384 |
| പലിശ | 3,70,806 |
| പിഴപ്പലിശ | 5,41,083 |
| സ്റ്റേഷനറി ചാർജ്ജ് | 1,000 |
| **ആകെ ബാധ്യത** | 10,76,273 |

**(സി)** നിലവിൽ പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ ഒഴിവാക്കി സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ്

സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; ആയതിലേക്കായി എന്തെങ്കിലും നിയമ തടസങ്ങൾ ഉണ്ടോ; വിശദമാക്കുമോ; പ്രസ്തുത സ്ഥലം ടി ആവശ്യത്തിനായി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**മറുപടി:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള ടി സംഘത്തിന് വായ്പായിനത്തിൽ 30/06/2026 വരെ 10,76,273/- രൂപ കടിശ്ശികയുണ്ട്. ടി തുക ഖാദിബോർഡ്, ഖാദി കേന്ദ്ര കമ്മീഷന് തിരിച്ചടക്കേണ്ടതായ തുകയായതിനാൽ സംഘത്തിന്റെ വായ്പാ ബാധ്യത ഒഴിവാക്കി നൽകുവാൻ സാധിക്കില്ല. കൂടാതെ ലിക്വിഡേഷൻ നടപടികളിലൂടെ സംഘത്തിന്റെ പേരിൽ റീസർവ്വേ 645/2-ൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് സംഘത്തിൽ ലിക്വിഡേറ്ററെ നിയമിച്ച് നടപടി സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ സംഘം വക വസ്തു മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പഞ്ചായത്തിന് വിട്ടുനൽകാൻ നിലവിൽ സാധിക്കുകയില്ല. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**(ഡി)** പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** സർക്കാരിൽ ലഭ്യമായ നിവേദനം നിലവിൽ കെ1/60/2025/വ്യവ. നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്തികൾ ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നിർദ്ദേശം ഖാദിബോർഡിനു നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**